നമ്പർ: എൻ2/13980/2019/ഡി.ജി.ഇ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 14/08/2019
Phone No. 0471 – 2328438
Email: dgescholarship@gmail.com

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

ഡയറക്ടർ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം: - പൊതു വിദ്യാഭ്യാസം- ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് (2019-20) സ്കൂളുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ - വാർത്ത - പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

2019-20 വർഷത്തെ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനായുള്ള വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ സ്കൂളുകളുടെ ഓൺലൈൻ രജിസ്ട്രേഷനും, കുട്ടികളുടെ ഓൺലൈൻ അപേക്ഷ സമർപ്പണവും സംബന്ധിച്ച വാർത്താകുറിപ്പ് എല്ലാ മലയാള ഭാഷാ പത്രങ്ങളിലും, എല്ലാ എഡിഷനുകളിലും വാർത്തയായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി
M.K. Shinemon
ADPI (Academic) I/C

ഉള്ളടക്കം:-
വാർത്താക്കുറിപ്പ്

# പത്രക്കുറിപ്പ്

## കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു

കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പു വഴി നടപ്പാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് (2019-20 അദ്ധ്യയന വർഷം) ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനായുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്, നാഷണൽ മീൻസ്-കം-മെറിറ്റ് എന്നീ സ്കോളർഷിപ്പുകൾക്ക് ഇപ്പോൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കുട്ടികൾ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് മുന്നോടിയായി സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള പ്രൈവറ്റ് സ്കൂളുകളും നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്. പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത സ്കൂളുകളിലെ കുട്ടികൾക്ക് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതല്ല.

കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കുറവായ കുടുംബങ്ങളിലെ ഒന്നു മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, ജൈനർ, ബുദ്ധർ, സിഖ്, പാഴ്സി എന്നീ ന്യൂനപക്ഷ മത വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനും, വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ കുറവായ കുടുംബങ്ങളിലെ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിനും, 2018 നവംബറിൽ നടത്തിയ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷ വിജയിച്ച കുട്ടികൾക്ക് നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് സ്കോളർഷിപ്പിനും ഇപ്പോൾ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

കഴിഞ്ഞ വർഷം (2018-19) മേൽപ്പറഞ്ഞ സ്കോളർഷിപ്പ് ലഭിച്ച എല്ലാ കുട്ടികളും ഈ വർഷം നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി സ്കോളർഷിപ്പ് പുതുക്കൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. 2019 ഒക്ടോബർ 15 വരെ ഫ്രഷ്/റിന്യൂവൽ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അർഹരായ കുട്ടികൾ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെ മറ്റ് കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കാൻ പാടുള്ളതല്ല. സ്കോളർഷിപ്പ് സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് **www.scholarships.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക. സംശയ നിവാരണത്തിനായി 0471-2328438, 9496304015, 8330818477 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്. "കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളും, മറ്റ് വിവരങ്ങളും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (**www.education.kerala.gov.in**) പ്രസിദ്ധീകരിച്ചിട്ടുണ്ട്.